# നീര ഷുഗർപ്രോജക്ടിന്റെ പേരിൽ വൻ തട്ടിപ്പ്

**കൊച്ചി:** നാളികേരത്തിന്റെ മൂല്യവർധിത ഉത്പന്നങ്ങളിൽ ഏറ്റവും മൂല്യം ലഭിക്കുന്ന നീര ഷുഗറിനെച്ചൊല്ലി വ്യാജ പ്രചാരണങ്ങൾ പരക്കുന്നു. നീര ഷുഗർപ്രോജക്ട് ആരംഭിക്കുന്നതിന് തെങ്ങുകൃഷിചെയ്യുന്ന സ്ഥലമുൾപ്പെടെ പണമൊഴികെയുള്ള വസ്തുക്കൾ നിക്ഷേപം നടത്തണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് പുതിയ ലോബികൾ രംഗത്തിറങ്ങിയിരിക്കുന്നത്. വാഗ്ദാനമായി ആറക്കത്തുക പ്രതിമാസ പ്രതിഫലവും.

ഇതോടൊപ്പം നീര ഷുഗർപദ്ധതി ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സ്ഥാപനം 50 ലക്ഷം രൂപവരെ സബ്സിഡി നൽകുമെന്ന് തലക്കെട്ടും നൽകിയിട്ടുണ്ട്. പൊതുജനത്തെയും സാധാരണക്കാരായ കേര കർഷകരെയും തീർത്തും കബളിപ്പിക്കാനുള്ള പ്രചാരണമാണിതെന്ന് നാളികേര വികസന ബോർഡ് പത്രക്കുറിപ്പിൽ അറിയിച്ചു.

രജിസ്റ്റർചെയ്ത ത്രിതല കൂട്ടായ്മയായ നാളികേര ഫെഡറേഷനുകൾക്ക് മാത്രമാണ് നീര ടാപ്പ്ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് ലൈസൻസ് നൽകുന്നത്. ഇതുപ്രകാരം ഫെഡറേഷനുകളുടെ അപ്പെക്സ് ബോഡിയായ കമ്പനികൾക്കാണ് നീര പ്രോജക്ടിനായി പരമാവധി 50 ലക്ഷം രൂപവരെ പദ്ധതിയുടെ അടിസ്ഥാനത്തിൽ നാളികേര വികസന ബോർഡ് അനുമതി നൽകുന്നത്. വ്യാജ പ്രചാരണങ്ങളിൽ വിശ്വസിച്ച് നീര ഷുഗർപ്രോജക്ടിന്റെ പേരിൽ സ്വന്തം കിടപ്പിടം നഷ്ടപ്പെടുത്താനുള്ള സാഹചര്യം ഒഴിവാക്കണമെന്ന് നാളികേര വികസന ബോർഡ് അറിയിച്ചു.